I/82316/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം,കണ്ണൂർ-പയ്യന്നൂർ താലൂക്ക്-ചെറുതാഴം ഗ്രാമപഞ്ചായത്ത്-ചെറുതാഴംവില്ലേജ്- റീ.സ.നമ്പർ 197/859 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായസാധ്യതാഗണത്തിൽ ഉൾപ്പെടുന്ന ഒരു പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ഭൂവുപയോഗത്തിനും ലേഔട്ടിനും അനുമതിനൽകി ഉത്തരവാകുന്നു.

പരാമർശം:-1) KPBR-2019ചട്ടം30

2) ശ്രീ. കൃഷ്ണകുമാർ.കെ മുതൽ പേർ, വൈഷ്ണവം, അന്നൂർ.പി.ഒ-670307 എന്നവരുടെ 05/01/2023 ലെ അപേക്ഷ

---

**ഉത്തരവ് നമ്പർ TCPKNR/1393/2022-C** **തീയതി11-01-2023**

---

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ , ചെറുതാഴം വില്ലേജിൽ റി. സ. നമ്പർ 197/859 ൽ സ്ഥിതി ചെയ്യുന്ന 1697 ച .മീ വിസ്തൃതിയുള്ള പ്ലോട്ടിൽ 508.46 ച .മീ വിസ്തൃതിയിൽ പുതുതായി ഒരു പെട്രോൾ പമ്പ് നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ശ്രീ. കൃഷ്ണകുമാർ.കെ, ആയിഷത്തിൽ ബുഷ്റ, വിദ്യാദരൻ.പി, സുമ അനിൽ കുമാർ വൈഷ്ണവം, അന്നൂർ.പി.ഒ-670307 എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂവുപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഓ.സി / അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ .
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ , അളവുകൾ, അതിരുകൾ, വിസ്തൃതി, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. പ്രസ്തുത അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകന്റെ ഒപ്പിടാനുള്ള അധികാരം നിയമാനുസൃതമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ് .
4. നിർ മ്മാണം KPBR-2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
5. KPBR-2019 ചട്ടം 34 പ്രകാരമുള്ള ശുചീകരണം, കുടിവെള്ളം, വാഷിംഗ് സൗകര്യം, എന്നിവ ഒരുക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്. ശുചീകരണ സൗകര്യങ്ങള് 34(3)(3) പ്രകാരം സന്ദർശകർക്കും, പൊതുജനങ്ങൾക്കും കൂടി ഉപയോഗപ്രദമായിരിക്കണം.
6. Sales office, Utility store എന്നിവ തമ്മിൽ KPBR-2019 ചട്ടം 26(5) പ്രകാരം ആവശ്യമായ 2 മീ. അകലം പാലിക്കേണ്ടതാണ്..
7. KPBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഒരുക്കേണ്ടതാണ് .
8. KPBR-2019 ചട്ടം 76(3) പ്രകാരം ആവശ്യമായ മരങ്ങൾ നട്ടു പിടിപ്പിക്കേണ്ടതാണ്.
9. ഭിന്നശേഷികാർക്ക് ഉപയോഗിക്കുന്നതിനായി KPBR 2019 ലെ ചട്ടം 42(1),(3),(4) പ്രകാരമുള്ള റാമ്പ്, ടോയിലെറ്റ് സൗകര്യങ്ങള് ഏർപ്പെടുത്തേണ്ടതാണ്.
10. KPBR 2019 ചട്ടം 75(2)(ii) പ്രകാരം അതിരുകളിൽ നിന്നും കുഴൽക്കിണറിലേക്ക് 1.20 മീറ്റർ അകലമുണ്ടായിരിക്കേണ്ടതാണ്.

എൽ. എ നമ്പർ 01/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

I/82316/2023

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ/ .സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ

Signed by
Ravikumar.p
Date: 11-01-2023 16:33:05

പി.രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) ശ്രീ. കൃഷ്ണകുമാർ.കെ , വൈഷ്ണവം, അന്നൂർ.പി.ഒ-670307
2) ഫയൽ 3) കരുതൽ ഫയൽ